# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/110/2018 2018 മെയ് 25

## പത്രക്കുറിപ്പ്

**എം.ജി. ബിരുദ ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2018-19 അദ്ധ്യയന വർഷത്തെ ഏകജാലകം വഴിയുള്ള ഒന്നാം സെമസ്റ്റർ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ജൂൺ 3 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രൊവിഷണൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട്ട്മെന്റും ജൂൺ 7ന് പ്രസിദ്ധീകരിക്കും. ഒന്നാം അലോട്ട്മെന്റ് ജൂൺ 13നും രണ്ടാം അലോട്ട്മെന്റ് 22നും പ്രസിദ്ധീകരിക്കുന്നതാണ്. മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജുകളിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കണം. ഓരോ കോളേജുകളിലെയും അക്കാദമിക് പ്രോഗ്രാം www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ പ്രോസ്പെക്ടസിന്റെ സംക്ഷിപ്തരൂപം മലയാളത്തിലും നൽകിയിട്ടുണ്ട്. സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്കും പ്രവേശനത്തിനായി അപേക്ഷകർക്ക് മെയ് മാസം 31 വരെ കോളേജുകളിൽ നേരിട്ട് അപേക്ഷക സമർപ്പിക്കാവുന്നതാണ്. റാങ്ക് ലിസ്റ്റ് ജൂൺ രണ്ടിന് കോളേജുകളിൽ പ്രസിദ്ധീകരിക്കുന്നതും പ്രവേശനം ജൂൺ 4നകം പൂർത്തീകരിക്കേണ്ടതുമാണ്. ഓൺലൈൻ രജിസ്ട്രേഷനുവേണ്ടി സർവ്വകലാശാലാ ഇൻഫർമേഷൻ സെന്ററുകളിലും അക്ഷയ സെന്ററുകളിലും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ അഫിലിയേറ്റഡ് കോളേജുകളിലും ഏകജാലക ഹെൽപ്പ് ഡെസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.സി./എസ്.ടി. വിഭാഗത്തിന് 330 രൂപയും മറ്റുള്ളവർക്ക് 660 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. ഓൺലൈൻ രജിസ്ട്രേഷനും ക്യാപ് സംബന്ധമായ എല്ലാ വിശദവിവരങ്ങളും www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ്ലൈൻ നമ്പർ: 9188641784, 9188651784, 04812733369.

**പുതുക്കിയ പരീക്ഷാ തീയതി**

മെയ് 28ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എം.പി.എഡ് (2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മെയ് 30നും എം.ബി.എ. (ഓഫ് കാമ്പസ്), നാലാം സെമസ്റ്റർ ബി.എഡ്. സ് പെഷ്യൽ എജ്യൂക്കേഷൻ എന്നീ പരീക്ഷകൾ 31നും ഒന്നാം സെമസ്റ്റർ എം.ഫിൽ (ഫിസിക്കൽ എജ്യൂക്കേഷൻ) പരീക്ഷകൾ ജൂൺ 1നും, ഒന്നും രണ്ടും സെമസ്റ്റർ ബി.ആർക് , ഒന്നാം വർഷ എം.ഫാം സപ്ലിമെന്ററി (2016 അഡ്മിഷൻ & 2016ന് മുമ്പുള്ള അഡ്മിഷൻ), നാലാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2016 അഡ്മിഷൻ റഗുലർ/2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ എം.എസ്.സി. മോളിക്യൂലാർ ബയോളജി & ജനറ്റിക് എഞ്ചിനീയറിംഗ്, നാലാം വർഷ ബി.എസ്.സി. നഴ്സിംഗ് (2010 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി എന്നീ പരീക്ഷകൾ ജൂൺ 4നും, നാലും ആറും സെമസ്റ്റർ ബി.ടെക്, മൂന്നാം വർഷ ബി.ഫാം (സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - 2016 അഡ്മിഷൻ റഗുലർ, 2010-2015 അഡ്മിഷൻ സപ്ലിമെന്ററി, 2010ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്, ഏഴാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) 2006-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006 മുതൽ അഡ്മിഷൻ മേഴ്സി ചാൻസ് എന്നീ പരീക്ഷകൾ ജൂൺ 6നും നടത്തുവാൻ പുതുക്കി നിശ്ചയിച്ചു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ മെയ് 28ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ പരീക്ഷ മെയ് 29ന് നടത്തുവാൻ പുതുക്കി നിശ്ചയിച്ചു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**പരീക്ഷാഫലം**

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.കോം (സി.എസ്.എസ്., ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 8 വരെ അപേക്ഷിക്കാം.

**എം.ജി.: മെച്ചപ്പെട്ട ഓൺലൈൻ സേവനങ്ങളിലൂടെ വിദ്യാർത്ഥി സൗഹൃദമാകുന്നു**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ഓൺലൈൻ സേവനങ്ങളായ ഓൺലൈൻ ഫീസ്, എലിജിബിലറ്റി, ഇക്വലൻസി സർട്ടിഫിക്കറ്റുകൾ എന്നിവയ്ക്ക് പുറമെ ആറോളം സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഇനി മുതൽ ബഡ്ജറ്റ് മോണിറ്ററിംഗിന്റെ ഭാഗമായി ജൂൺ ഒന്നു മുതൽ ഓൺലൈനിൽ ലഭ്യമാക്കും. ഈ വിദ്യാർത്ഥി സൗഹൃദ ഓൺലൈൻ സേവനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം മെയ് 28ന് രാവിലെ 10 മണിക്ക് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കും. ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും അപേക്ഷിക്കുവാനും അപേക്ഷയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി നൽകുന്ന സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാനും, ലഭിച്ച സർട്ടിഫിക്കറ്റ് ഒറിജിനൽ ആണോ എന്ന് പരിശോധിക്കുവാനുമുള്ള ഓൺലൈൻ സംവിധാനമാണ് ഒരുങ്ങിയിരിക്കുന്നത്. മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ, മെട്രിക്കുലേഷൻ, റെക്കൊഗ്നിഷൻ, കോളേജ് ട്രാൻസ്ഫർ, എൻ.എസ്.എസ്. അഡ്മിഷൻ മുതൽ ഗ്രേസ് മാർക്ക് ദാനം വരെ എന്നീ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ മുഖേന ലഭ്യമാകും. ഇതിലൂടെ സർവ്വകലാശാല കൂടുതൽ വിദ്യാർത്ഥി സൗഹൃദവും, ഓഫീസ് പ്രവർത്തനങ്ങളിൽ കൂടുതൽ കൃത്യതയും വേഗതയും ആർജ്ജിക്കുമെന്നും വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു.

2018-19 ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ഈ ഓൺലൈൻ സേവനങ്ങൾ ആരംഭിക്കുന്നത്. അടുത്ത മൂന്നുമാസത്തിനുള്ളിൽ എല്ലാ സർട്ടിഫിക്കറ്റുകളും പൂർണ്ണമായും ഓൺലൈനിൽ ലഭ്യമാകുമെന്ന് ഫിനാൻസ് കമ്മിറ്റി കൺവീനർ ഡോ. കെ. ഷെറഫുദ്ദീൻ അറിയിച്ചു. ഇതുമൂലം വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയിലെത്താതെ തന്നെ എസ്.എം.എസിലൂടെ അപേക്ഷകളുടെ പുരോഗതി അറിയുവാൻ സാധിക്കും. വിവിധ സെക്ഷനുകളിലെ അപേക്ഷാപരിശോധനയ്ക്ക് എടുക്കുന്ന കാലതാമസവും ഇതിലൂടെ പരിഹരിക്കാനാവും. എൻ.എസ്.എസിന്റെ ഭാഗമായി ബ്ലഡ് ഡോണേഴ്സ് ഫോറം എന്ന പുതിയ ഒരു ഓൺലൈൻ സേവനവും പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**